വയലുകൾ തരിശിടുന്ന പ്രവണത

90 (1144) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള വയലുകൾ കൃഷിക്കുപയോഗിക്കാതെ തരിശിടുന്ന പ്രവണത വർദ്ധിക്കാനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂപരിഷ്കരണ നിയമംമൂലം പരിധി നിശ്ചയിക്കപ്പെട്ട കൃഷിഭൂമി തുണ്ടു തുണ്ടാക്കപ്പെട്ടതുമൂലം കൃഷിചെയ്യുന്നത് പ്രായോഗികമോ ലാഭകരമോ അല്ലാതായിട്ടുണ്ടോ ; അതുകാരണമാണോ വയലുകൾ തരിശിടുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ആഗോളവൽക്കരണത്തിന്റെയും മത്സര സമ്പദ് വ്യവസ്ഥയുടെയും വെളിച്ചത്തിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഭൂമിയുടെ നിലവിലുള്ള പരിധി തടസ്സമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) നിലവിലുള്ള പുതിയ ചുറ്റുപാടുകളിൽ കൃഷി വിജയകരമാക്കി തീർക്കുന്നതിന് ഭൂപരിഷ്ക്കരണ നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുമോ ?

ഉത്തരം

(എ) നെൽകൃഷി ആദായകരമല്ലാത്തതും ജലസേചനത്തിന്റെ അപര്യാപ്തതയും കർഷകതൊഴിലാളികളുടെ ദൗർലഭ്യവും കൃഷി ചെലവിൽ വന്ന വർദ്ധനയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുന്നതും പ്രവചനാതീതമായ കാലാവസ്ഥാ വ്യതിയാനവും മറ്റുമാണ് നെൽവയലുകൾ കൃഷിക്കുപയോഗിക്കാതെ തരിശിടുന്ന പ്രവണത വർദ്ധിക്കാനുള്ള കാരണങ്ങളായി കണ്ടിട്ടുള്ളത്.

(ബി) ഇത് ഒരു കാരണമായി കണ്ടിട്ടില്ല.

(സി & ഡി) ഇക്കാര്യങ്ങൾ പരിശോധനയിലാണ്.

തൃശ്ശൂർ കോൾകൃഷി വികസനത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ

91 (1145) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾകൃഷി വികസനത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നബാർഡിൽ നിന്ന് ഇതുവരെയായി ലഭിച്ച സഹായം എത്രയാണ് ; കോൾ വികസന പദ്ധതിയുടെ രണ്ടാംഘട്ട പദ്ധതിക്ക് നബാർഡിൽ നിന്ന് സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഡി) കോൾ മേഖലയിൽ ഹൈലെവൽ കനാൽ നിർമ്മാണത്തിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള നബാർഡ് സഹായം എത്രയാണ് ;

(ഇ) തൃശ്ശൂർ കോൾ മേഖലയിൽ എത്ര മോട്ടോർ ഷെഡ്ഡ്, എഞ്ചിൻ തറ എന്നിവ നിർമ്മിച്ചിട്ടുണ്ട് ; ഇതിനുള്ള സർക്കാർ സഹായം പൂർണ്ണമായും നൽകിയിട്ടുണ്ടോ ; ഇനി എത്ര പാടശേഖര സമിതികൾക്ക് തുക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) കെ.എൽ.ഡി.സി. കനാലുകളിലെ ഇടബണ്ടുകൾ നീക്കം ചെയ്യുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ ;

(ജി) ഈ ബണ്ടുകൾ നീക്കം ചെയ്യുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ കോൾനില വികസന ഏജൻസി വഴി നിലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം (കനാലുകൾ, ബണ്ടുകൾ, കനാൽ പാലങ്ങൾ, റഗുലേറ്ററുകൾ, നടപ്പാലങ്ങൾ, എൻജിൻതറകൾ, റാംബുകൾ എന്നിവയുടെ നിർമ്മാണം) മോട്ടോർ തറകൾക്കുമേൽ സ്ഥിരം ഷെഡ് നിർമ്മിക്കുന്ന പദ്ധതി എന്നിവ സർക്കാർ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

(ബി) തൃശ്ശൂർ കോൾനില വികസന ഏജൻസി ഒന്നാംഘട്ടത്തിന് 15.27 കോടി രൂപ നബാർഡ് വായ്പാ സഹായമായി ലഭിച്ചിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടും അനബുന്ധരേഖകളും ലഭിക്കുന്ന മുറയ്ക്ക് നബാർഡിൽ നിന്നും സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഒന്നാം ഘട്ടവികസന പദ്ധതിയിൽ ഉൾപ്പെടാത്ത പണികളായ ഫാം റോഡുകൾ, പൈപ്പ് സ്ലൂയിഡുകൾ, കൂടുതലായി ചെയ്യാനുള്ള റാംബുകൾ, എഞ്ചിൻ തറകൾ, പാലങ്ങൾ എന്നിവയും ബണ്ടുകൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കൽ കനാലുകളിൽ അടിഞ്ഞുകൂടിയ സിൽട്ട് നീക്കം ചെയ്യൽ പ്രധാന കനാൽ ബണ്ടുകളുടെ വശങ്ങൾ കല്ല് പിടിപ്പിച്ച് ഡാം രക്ഷിക്കൽ മുതലായ പണികളാണ് രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) കോൾ മേഖലയിൽ നബാർഡ് സഹായത്തോടെ ഹൈലെവൽ ഫ്ളഡ് ഫ്ളോ കനാൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 406.80 ലക്ഷം രൂപ നബാർഡ് സഹായമായി ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൃശ്ശൂർ കോൾമേഖലയിൽ 216 എഞ്ചിൻ തറകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 240 ഷെഡ്ഡുകൾ നിർമ്മിക്കാനുള്ളതിൽ 196 ഷെഡ്ഡിന് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഇതിൽ 153 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചു. 26 എണ്ണത്തിന്റെ പണികൾ പുരോഗതിയിലാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം എഞ്ചിൻ തറ ചെയ്ത വകയിൽ 13 പാടശേഖര സമതികൾക്കും ഷെഡ്ഡ് ചെയ്ത വകയിൽ 6 പാടശേഖര സമിതികൾക്കും തുക നൽകാനുണ്ട്.

(എഫ് & ജി) പ്രകൃതിക്ഷോഭ നാശനഷ്ട പരിഹാര പ്രവൃത്തികൾ നടത്തുന്നതിന് കൃഷി വകുപ്പു വഴി കോൾ നില വികസന ഏജൻസിക്ക് 2001-2002 കാലഘട്ടത്തിൽ ലഭ്യമാക്കിയ 40.22 ലക്ഷം തുകകൊണ്ട് പ്രധാനമായും കോൾ ചാലുകളിലെ ഇട ബണ്ടുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി ഏറ്റെടുത്തു നടത്തുവാനാണ് കോൾ വികസന ഏജൻസി തീരുമാനിച്ചിരന്നത്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ നീർത്തടാധിഷ്ഠിത പദ്ധതികൾ

92 (1146) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് നീർത്തടാധിഷ്ഠിത പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നത് ;

(ബി) ഓരോ പദ്ധതി പ്രദേശത്തും നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; അവയ്ക്ക് എത്ര തുക വീതം നൽകിയിട്ടുണ്ട് ;

(സി) നീർത്തടാധിഷ്ഠിത പദ്ധതികൾ മുനിസിപ്പൽ പ്രദേശങ്ങളിൽകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ വെള്ളറട, കുന്നത്തുകാൽ, പനവൂർ, ആനാട്, കല്ലിയൂർ, വെങ്ങാന്നൂർ, ആര്യനാട്, തൊളിക്കോട്,, അമ്പൂരി, നഗരൂർ, പെരുംകടവിള, നാവായിക്കുളം എന്നീ പഞ്ചായത്തുകളിലും നേമം, തിരുവല്ലം എന്നീ കോർപ്പറേഷൻ അതിർത്തിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലുമാണ് ഇപ്പോൾ വിവിധ നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) അരുവിയോട്, തീർത്ഥങ്കര, വെള്ളായണി കായൽ എന്നീ പദ്ധതികൾ കേന്ദ്ര സഹായത്തോടെയുള്ള ദേശീയ വാട്ടർ ഷെഡ് പദ്ധതിയിൻകീഴിലും, നാവായിക്കുളം, വിലയകലുങ്ങുതോട്, തേക്കുംപാറ, മൂങ്ങോട്, നഗരൂർ വടകര എന്നീ പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ആർ. ഐ. ഡി. പദ്ധതിയിലും കണിയാരംകോട് പദ്ധതി ശുദ്ധജലവിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശ സംരക്ഷണത്തിനുള്ള സംസ്ഥാന പദ്ധതിയിൻ കീഴിലുമാണ് നടത്തിവരുന്നത്. ഓരോന്നിനും അനുവദിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly